# പാലക്കാട് നീര പ്ലാന്റിന്റെ ശിലാസ്ഥാപനം 19ന്

കൊച്ചി: നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ നീര പ്രോസസിംഗ് പ്ലാന്റിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി 19ന് നിർവഹിക്കും. മുതലമട ഇടുക്കുപ്പാറ പ്രോജക്ട് സൈറ്റിൽ രാവിലെ ഒൻപതിനു നടക്കുന്ന ചടങ്ങിൽ പി.കെ. ബിജു എംപി കമ്പനിയുടെ നീര കോൾഡ് സ്റ്റോറേജിന്റെ ഉദ്ഘാടനം നിർവഹിക്കും. നീര ചെത്താൻ തെങ്ങുകൾ നൽകിയ കർഷകർക്കുള്ള പ്രതിഫല വിതരണം കെ. അച്ചുതൻ എംഎൽഎയും ടെക്നീഷ്യന്മാർക്കുള്ള പ്രതിഫല വിതരണം ഹോർട്ടികോർപ് ചെയർമാൻ ലാൽ വർഗീസ് കല്പകവാടിയും നീര റീഫർ വാഹനത്തിന്റെ താക്കോൽദാനം കാർഷിക നയരൂപീകരണ സമിതി ചെയർമാൻ കെ. കൃഷ്ണൻകുട്ടിയും നിർവഹിക്കും.

ചടങ്ങിൽ വി. ചെന്താമരാക്ഷൻ എംഎൽഎ അധ്യക്ഷത വഹിക്കും. നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ് മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തൻ, സിഎഫ്ടിആർഐയുടെ ഡയറക്ടർ ഡോ. റാം, കേരകർഷക സംഘടനകളുടെ കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ, നീരക്കമ്മിറ്റി കർഷക പ്രതിനിധി ബാബു ജോസഫ്, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ വി.പി. സുലേഷ്കുമാർ, പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ കെ.കെ. ശോഭന, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. ബാലകൃഷ്ണൻ, മുതലമട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. വി. ശെൽവൻ തുടങ്ങിയവർ പ്രസംഗിക്കും.